# വിശുദ്ധിയും ദൈവത്തിൻറെ മാറ്റമില്ലാത്ത സ്നേഹവും

സാക് പുന്നൻ

WFTW 19 മാർച്ച് 2017

യിസ്രായേലിലെ വടക്കൻ രാജ്യങ്ങളോട് ഹോശേയ പ്രവചിച്ചു. ആത്മീയ വ്യഭിചാരവും ദൈവത്തിൻറെ മാറ്റമില്ലാത്ത സ്നേഹവുമായിരുന്നു അദ്ദേഹത്തിൻറെ പ്രവചനവിഷയം. അവിശ്വസ്തയായ ഒരു ഭാര്യയെ സ്നേഹിച്ചു കൊണ്ടേയിരിക്കുന്ന ഒരു ഭർത്താവിൻറെ മനോഭാവമാണ് തൻറെ ജനത്തോടുള്ള ദൈവത്തിൻറെ മനോഭാവം എന്നാണ് അദ്ദേഹത്തിൻറെ പ്രവചനം വെളിപ്പെടുത്തുന്നത്.

പഴയ നിയമത്തിൽ യിസ്രായേലിനെ' യഹോവയുടെ വധു' എന്നാണ് വിളിച്ചിരിക്കുന്നത്. ദൈവവും യിസ്രായേലും തമ്മിലുള്ള ബന്ധം ഒരു വിവാഹ ബന്ധം പോലെയാണ് ഇത് ക്രിസ്തുവിനോടുള്ള നമ്മുടെ ബന്ധം പോലെ തന്നെ. ഒരു ഭാര്യ തൻറെ ഭർത്താവിനെ കൂടാതെ മറ്റൊരു പുരുഷനെ സ്നേഹിക്കുകയോ, മറ്റു പുരുഷന്മാരെ പ്രസാദിപ്പിക്കുന്ന കാര്യം അന്വേഷിക്കുകയോ ചെയ്താൽ അവൾ അവിശ്വസ്തയാണ് കൂടാതെ അവൾ ' ഒരു വ്യഭിചാരിണി' എന്നു വിളിക്കപ്പെടുവാൻ യോഗ്യയുമാണ്. നമുക്ക് ക്രിസ്തുവിനോടുള്ള ബന്ധത്തിലും ഇത് കൃത്യമായി അങ്ങനെ തന്നെയാണ്. നാം ക്രിസ്തുവിനോട് വിവാഹതിരായിരിക്കുകയും നാം പണത്തെ സ്നേഹിക്കുകയും ചെയ്താൽ, നാം ആത്മീയ വ്യഭിചാരിണികളാണ്, കാരണംപണം 'മറ്റൊരു പുരുഷൻ' ആണ്. നാം ഈ ലോകത്തിൻറെ മാനം അന്വേഷിക്കുകയാണെങ്കിൽ അതും ' മറ്റൊരു പുരുഷനോട് ' (ലോകം) നമ്മുടെ ശ്രദ്ധ പിടിച്ചു പറ്റുവാൻ ശ്രമിച്ചു കൊണ്ട് പ്രതികരിക്കുകയാണ്. നാം പാപകരമായ സന്തോഷത്തെ സ്നേഹിക്കുകയാണെങ്കിൽ, അതും ലോകത്തിൻറെ ഒരു ഭാഗമാണ്. അതു കൊണ്ടാണ് വിശ്വാസികളോട് സംസാരിക്കുമ്പോൾ യാക്കോബ് പറയുന്നത്,' അല്ലയോ വ്യഭിചാരിണികളായുള്ളോരെ ലോകസ്നേഹം ദൈവത്തോട് ശത്രുത്വമാണെന്ന് നിങ്ങൾ അറിയുന്നില്ലയോ?' (യാക്കോബ് 4:4).

വളരെ പ്രാധാന്യമുള്ള ഈ വിഷയത്തെപ്പറ്റിയാണ് ഹോശേയ പ്രതിപാദിക്കുന്നത്. ദൈവം അദ്ദേഹത്തെ ഈ പാഠം പഠിപ്പിക്കുന്നത് വളരെ വേദനാജനകയായ ഒരു മാർഗ്ഗത്തിലൂടെയാണ്. ഒരു പക്ഷേ പഴയ നിയമത്തിലെ മറ്റേതു പ്രവാചകന്മാരിലുള്ളതിനെക്കാൾ കൂടുതലായി ഹോശേയായിൽ നാം കാണുന്നത്, ദൈവം തൻറെ ദാസനെ അവിടുത്തെ ഹൃദയം തൊട്ടറിയുവാൻ ഇടയാക്കുന്നു എന്നതാണ്. പുതിയ നിയമത്തിലായാലും യഥാർത്ഥ പ്രവാചക ശുശ്രൂഷയുടെ പ്രമാണം ഇതുതന്നെയാണ്. ദൈവത്തിന് തൻറെ ജനത്തോട് ഉള്ള അതേ അനുകമ്പ തന്നെ നമുക്കും അവരോട് ഉണ്ടാകേണ്ടതാണ്. ദൈവം തൻറെ ജനത്തെ നോക്കുന്ന അതേ വിധത്തിൽ തന്നെ നാമും അവരെ നോക്കേണ്ടതാണ്. അല്ലാത്ത പക്ഷം നാം, ചില കാര്യങ്ങൾ പ്രസംഗിക്കുന്ന വെറും പ്രാസംഗികരായിരിക്കും, അവ സത്യമായിരിക്കാം പക്ഷെ ദൈവത്തിന് തൻറെ ജനങ്ങളോടുള്ള അനുകമ്പ ഇല്ലാതെയായിരിക്കും. അതുകൊണ്ട് ഫലപ്രദമായി അവരെ ശുശ്രൂഷിക്കാൻ കഴിയുന്നതിനു മുമ്പ് ദൈവത്തിന് തൻറെ ജനത്തോട് തോന്നുന്ന അതേ വിധത്തിൽ നമുക്കും അവരോട് തോന്നേണ്ടതിന് ദൈവത്തിനു നമ്മെ വേദനാജനകമായ അനേകം ശോധനകളിലൂടെ കടത്തിക്കൊണ്ടു പോകേണ്ടിവരുന്നു.

ഉദാഹരണത്തിന് ഹോശേയയുടെ കാലത്ത്, യിസ്രായേൽ അവിശ്വസ്തയായ ഒരു ഭാര്യയെ പോലെ ആയിരുന്നു. അവൾ വിഗ്രഹങ്ങളെ ആരാധിച്ചപ്പോൾ അവൾ യഹോവയോട് അവിശ്വസ്തയായിരുന്നു. അത് വ്യഭിചാരമായാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്. പഴയ നിയമത്തിൽ വ്യഭിചാരവും വിഗ്രഹാരാധനയും വളരെ ചേർത്തു ബന്ധിപ്പിച്ചിരിക്കുന്നു. പുതിയ നിയമത്തിൽ പോലും, ആത്മീയ വ്യഭിചാരം ഒരു തരത്തിലുള്ള വിഗ്രഹാരാധനയാണ്.

സത്യദൈവത്തെ അല്ലാതെ മറ്റെന്തിനെയെങ്കിലും ആരാധിക്കുന്നതാണ് വിഗ്രഹാരാധന. അതു നിങ്ങളുടെ കച്ചവടമാകാം, നിങ്ങളുടെ വസ്തുവക, നിങ്ങളുടെ പണം,നിങ്ങളുടെ സൗന്ദര്യം ഇവയിലേതുമാകാം. അത് നിങ്ങളുടെ ശുശ്രൂഷ പോലുമാകാം. നിങ്ങളുടെ ജീവിതത്തിൽ ഒന്നാമതായി ക്രിസ്തുവിൻറെ സ്ഥാനം എടുക്കുന്ന ഏതു കാര്യവും ഒരു വിഗ്രഹമാണ്. നിങ്ങളുടെ ജീവിതത്തിൽ മറ്റെന്തെങ്കിലും കാര്യം ദൈവത്തിൻറെ സ്ഥാനം എടുത്താൽ, ഉടൻ തന്നെ നിങ്ങൾ ഒരു വിഗ്രഹാരാധി ആയി തീർന്നിരിക്കുന്നു, ഒരു ആത്മീയ വ്യഭിചാരിണി ആയി തീർന്നിരിക്കുന്നു. വ്യഭിചാരിണികളോടും വിഗ്രഹാരാധികളോടും സംസാരിച്ചിരിക്കുന്ന സകല വാക്കുകളും ആ സമയത്ത് നിങ്ങൾക്ക് ബാധകമായിതീരും.

ഹോശേയ ദൈവത്തിൻറെ ഹൃദയത്തെ തൊട്ടറിയുവാൻ അവിടുന്ന് ഇടയാക്കിയത്, അദ്ദേഹത്തെ കൊണ്ട് അവിശ്വസ്തയായ ഒരു ഭാര്യയെ വിവാഹം ചെയ്യിപ്പിച്ചതിലൂടെയാണ്. സത്യം പഠിക്കുന്നതിന് ഹോശേയക്ക് അതൊരു വ്യസനകരമായ മാർഗ്ഗമായിരുന്നു. തന്നോട് അവിശ്വസ്തയാകുമെന്നും മറ്റു പുരുഷനുമായി വ്യഭിചാരം ചെയ്യുമെന്നും തുടക്കം മുതൽ തന്നെ അറിയാവുന്ന ഒരു പെൺകുട്ടിയെ വിവാഹം ചെയ്യുവാൻ ഏതൊരു പുരുഷനാണ് മനസ്സുള്ളവനാകുന്നത് ? ഈ പ്രവാചകന്മാർക്ക് പ്രവാചകന്മാരായിരിക്കുവാൻ വളരെ വലിയ ഒരു വിലയാണ് കൊടുക്കേണ്ടി വന്നത്. ഹോശേയയുടെ ഭാര്യ അവിശ്വസ്തയായിരുന്നപ്പോഴും അവളെ സ്നേഹിക്കുന്നതു തുടരുവാൻ അവനോട് ആവശ്യപ്പെട്ടു. ഒരു ഘട്ടത്തിൽ അവൾ പോയി അവളെ തന്നെ മറ്റൊരു പുരുഷൻറെ അടിമയായി വിറ്റുകളഞ്ഞു. അപ്പോൾ ഹോശേയ അവളെ തിരികെ വാങ്ങുവാൻ പണംകൊടുത്തു അവൻ അപ്പോഴും അവളെ സ്നേഹിക്കുന്നതു തുടർന്നു. എന്നാൽ അവളെ മടക്കി കൊണ്ടുവന്നതിനുശേഷവും അവൾ വ്യഭിചാരം ചെയ്തു കൊണ്ടേയിരുന്നു. അവളെ വഹിക്കുന്നത് വളരെ പ്രയാസമായി ഹോശേയ കണ്ടിട്ടുണ്ടാകും. ഈ കഷ്ടതയിലൂടെ അവൻ കടന്നുപോയപ്പോൾ, ദൈവം അവനോടു പറഞ്ഞു. ' ഞാൻ എങ്ങനെയാണ് എൻറെ ജനത്തെ സ്നേഹിക്കുന്നതെന്ന് ഇപ്പോൾ നിനക്കു മനസ്സിലാക്കാൻ കഴിയും. ഇപ്പോൾ നീ പോയി അവരോട് പ്രസംഗിക്കുക' അതിൻറെ ഫലമായി ഹോശേയ ദൈവജനത്തോട് കർക്കശമായി സംസാരിക്കുമ്പോൾ പോലും, തൻറെ വിശുദ്ധിയുടെ സന്ദേശത്തിൽ മനസ്സലിവിൻറെ ഒരു ധ്വനി ഉണ്ടായിരുന്നു. എന്തായിരുന്നു അദ്ദേഹം ഊന്നിപ്പറഞ്ഞത്?

വിശുദ്ധിയും ദൈവത്തിൻറെ മാറ്റമില്ലാത്ത സ്നേഹവും. ഈ രണ്ടു വിഷയങ്ങളായിരുന്നു എല്ലാ പ്രവാചകന്മാരുടെയും ഭാരം: ദൈവജനത്തിലുള്ള വിശുദ്ധിയും തൻറെ ജനം ആത്മീയ വ്യഭിചാരത്തിൽപ്പെട്ട് വഴി തെറ്റി പോകുമ്പോൾപോലും അവരോടുള്ള ദൈവത്തിൻറെ മാറ്റമില്ലാത്ത സ്നേഹവും. എപ്പോഴും ദൈവത്തിൻറെ ആഗ്രഹം തൻറെ ജനത്തെ മടക്കികൊണ്ടുവരണമെന്നായിരുന്നു. അവിടുന്ന് അവരെ ശിക്ഷണത്തിലൂടെ കടത്തി വിടുന്നു. എന്നാൽ ശിക്ഷണം പൂർത്തിയായശേഷം അവരെ തന്നിലേക്ക് മടക്കിക്കൊണ്ടുവരുവാൻ അവിടുന്നാഗ്രഹിക്കുന്നു. യിരെമ്യാവ് പറഞ്ഞു, 'ശിക്ഷണം പൂർത്തിയായശേഷം, ദൈവം നിങ്ങളെ മടക്കിക്കൊണ്ടുവരും' ഹോശേയയും അതേ കാര്യം തന്നെ പറഞ്ഞു. ദൈവം ആവശ്യപ്പെടുന്നത് വിശുദ്ധിയാണ്. അത് നിന്നിൽ കാണാതെ വരുമ്പോൾ, അവിടുന്നു നിന്നെ ശിക്ഷണത്തിൽ കൂടി കടത്തി വിടുന്നു. എന്നാൽ അവിടുത്തെ സ്നേഹം അത്ര വലുതായതു കൊണ്ട് അവിടുന്ന് നിന്നോട് ആർദ്രതയോടെ സംസാരിക്കുകയും അവിടുത്തോടുള്ള കൂട്ടായ്മയിലേയ്ക്ക് തിരികെ കൊണ്ടുവന്നിട്ട് ഇപ്രകാരം പറയുകയും ചെയ്യുന്നു, ' നിന്നെ വിട്ടുകൊടുക്കുവാൻ എനിക്കെങ്ങനെ കഴിയും? നിന്നെ ഏൽപ്പിച്ചു കൊടുക്കുവാൻ എനിക്കെങ്ങനെ കഴിയും? നിന്നെ കൈവെടിയുവാൻ എനിക്കെങ്ങനെ കഴിയും? എൻറെ ഹൃദയം എൻറെ ഉള്ളിൽ നിലവിളിക്കുന്നു. നിന്നെ സഹായിക്കുവാൻ ഞാൻ എത്രമാത്രം ആഗ്രഹിക്കുന്നു!' (ഹോശേ 11:8 ലിവിംഗ്).

സഭയിലും യഥാർത്ഥ പ്രവചന ശുശ്രൂഷ നടക്കേണ്ടത് ഇപ്രകാരമാണ്. ദൈവജനത്തിൻറെ ഇടയിലുള്ള വിശുദ്ധിക്കുവേണ്ടി പഴയനിയമ പ്രവാചകന്മാർക്കുണ്ടായിരുന്ന അതേ ഭാരം തന്നെ ഇന്ന് സഭയിലുള്ള ഒരു യഥാർത്ഥ പ്രവാചകനും ഉണ്ടായിരിക്കും. അതുപോലെ പിന്മാറിപ്പോയ തൻറെ ജനത്തെ തന്നിലേക്കും യഥാർത്ഥ വിശുദ്ധിയിലേക്കും തിരിച്ചു കൊണ്ടുവരുവാൻ ആഗ്രഹിക്കുന്ന ദൈവത്തിൻറെ മാറ്റമില്ലാത്ത, ദീർഘക്ഷമയുള്ള, മനസ്സലിവുള്ള സ്നേഹത്താൽ അന്നത്തെ പ്രവാചകന്മാർക്ക് അനുകമ്പയുണ്ടായതു പോലെ ഈ പ്രവാചകനും മനസ്സലിയും. ഒരു സഭ ദൈവത്തിനുവേണ്ടി അത് ആയിരിക്കേണ്ട വിധം പ്രവർത്തിക്കണമെങ്കിൽ, ഓരോ സഭയിലും ഒരു പ്രവചന ശുശ്രൂഷ ഉണ്ടായിരിക്കണം. അതായിരുന്നു ഹോശേയയുടെ അടിസ്ഥാന പ്രതിപാദ്യം. അതുകൊണ്ടു തന്നെ ദൈവം ഹോശേയയെ കഷ്ടം അനുഭവിക്കുവാൻ അനുവദിച്ചു. ദൈവം ഹോശേയയോടു പറഞ്ഞു, 'നീ പോയി ഒരു വ്യഭിചാരിണിയെ വിവാഹം ചെയ്യുക. അവൾ നിനക്കു പ്രസവിക്കുന്ന മക്കളിൽ ചിലർ അന്യപുരുഷന്മാരിൽ നിന്നായിരിക്കും'. (ഹോശേയ 1:2) ഒരു പ്രവാചകനായിരിക്കുവാൻ കൊടുക്കേണ്ടി വന്ന വില എത്ര വലിയതാണ്! ഒരു പ്രവാചകനാകാൻ എത്രപേർ ആഗ്രഹിക്കും? അന്ന് ഹോശേയ ചെയ്തത് ചെയ്യുവാൻ ഇന്ന് ദൈവം നിങ്ങളോട് ആവശ്യപ്പെടുകയില്ലായിരിക്കാം. എന്നാൽ അവിടുത്തെ ഹൃദയത്തെ തൊട്ടറിയുവാൻ തീവ്രമായ കഷ്ടതയിലൂടെ അവിടുത്തേക്ക് നമ്മെ കടത്തിക്കൊണ്ടുപോകണമെന്ന പ്രമാണം അതു പോലെ തന്നെ നിലനിൽക്കുന്നു. അപ്പൊസ്തലനായ പൗലൊസ് കടന്നു പോയ കഷ്ടതകൾ വായിക്കുക അനേകം ആപത്തുകൾ, അനേകം അടികൾ, തടവ്, കോലിനാലുള്ള അടി, കൊള്ളയടിക്കപ്പെട്ടത്, അദ്ദേഹത്തെ തന്നെ തണുപ്പിൽ നിന്ന് സംരക്ഷിക്കുവാൻ വേണ്ട വസ്ത്രമില്ലാതെയും കഴിക്കാൻ ആവശ്യത്തിനു ഭക്ഷണമില്ലാതെയും കഴിയേണ്ടിവന്നത് (2 കൊരി 11:2328) ഇതിൻറെ എല്ലാം ഉദ്ദേശ്യം ദൈവത്തിൻറെ ഹൃദയ സ്പന്ദനം കേൾക്കുവാനും, ദൈവത്തിനു തോന്നുന്നതു പോലെ അദ്ദേഹത്തിനും തോന്നുവാൻ കഴിയത്തക്കവിധം പൗലൊസ് ദൈവത്തോട് അടുത്തു ജീവിക്കുക എന്നതായിരുന്നു. ശോധനയിലൂടെ കടന്നുപോകുമ്പോൾ നാം ദൈവത്തിൻറെ ഹൃദയത്തോട് വളരെ അടുത്തു വരുന്നു. നാം അവിടുത്തെ ഹൃദയമിടിപ്പ് കേൾക്കുകയും, നാം ദൈവജനത്തോട് സംസാരിക്കുമ്പോൾ നാം അത് തൊട്ടറിയുകയും ചെയ്യുന്നു.